**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2553** **05/11/2019-ൽ മറുപടിയ്ക്ക്**

# സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പകൾ എഴുതിത്തള്ളിയ നടപടി

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ. ജോസഫ്<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ. എൻ. ജയരാജ്** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരളാ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടമായ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ യും ബി യും | സംസ്ഥാന സഹകരണ ബാങ്കിന്റെ ഒരു വായ്പയും എഴുതി തള്ളിയിട്ടില്ല. കുടിശ്ശിക ആയതും കാലാവധി കഴിഞ്ഞതുമായ എല്ലാ വായ്പകളും തിരിച്ച് പിടിക്കുന്നതിനുള്ള നിയമനടപടികൾ സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിച്ചുവരുന്നു.<br><br>എന്നാൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് (കേരള ബാങ്ക്) രൂപീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിലെ കുടിശ്ശിക വായ്പ തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ പദ്ധതി പ്രകാരം 306.75 കോടി രൂപ (മാർക്കറ്റ് ഫെഡ് - 27.01 കോടി രൂപ, റബ്ബർമാർക്ക് - 41.39 കോടി രൂപ, റബ്കോ - 238.35 കോടി രൂപ) കേരള സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും അനുവദിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അനുവദിച്ച തുക റബ്ബർമാർക്ക്, റബ്കോ, മാർക്കറ്റ്ഫെഡ് എന്നീ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പയായിട്ടാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ കടമാണ് എഴുതിത്തള്ളിയിരിക്കുന്നതെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സർക്കാർ സംസ്ഥാന സഹകരണ ബാങ്കിന് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ; ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പ്രസ്തുത വായ്പ ഈടാക്കുന്നതിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ധാരണാ പത്രം റബ്കോ, റബ്ബർമാർക്ക്, എന്നീ സഹകരണ സ്ഥാപനങ്ങളും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുമായി 02.09.2019 തീയതിയിൽ ഒപ്പ് വെച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**